**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2301** **21-01-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധിയിൽ കേന്ദ്രനിലപാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . ജി .എസ് .ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ** | | **Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് മൂലം സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 0.5% ഉപാധികളില്ലാതെയും, 0.5% GST Compensation ലഭിക്കുന്നതിനായിട്ടുള്ള കടമെടുക്കൽ ഓപ്ഷൻ 1 തെരഞ്ഞെടുത്തതിനാലുമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 1% (0.25% വീതം) താഴെ പറയുന്ന 1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക 3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ എന്നീ പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് വായ്പയെടുക്കൽ അനുവദിച്ചിട്ടുള്ളത്. 2017- ലെ GST Compensation Act ൽ ജി.എസ്.ടി നടപ്പിലാക്കുന്നത് കൊണ്ട് സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് 5 വർഷത്തേയ്ക്ക് നികത്തേണ്ടതാണ് എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ |

| | | | |
|---|---|---|---|
| | | | അംഗീകാരത്തോടെ രാജ്യത്ത് ജി.എസ്.ടി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ കോവിഡ് മഹാമാരി കാരണം compensation cess ൽ വരുമാന നഷ്ടം ഉണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുകയും ഇത് 27.08.2020 ൽ കൂടിയ 41-ാം മത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം ഇതുവരെ 2525.64 കോടി രൂപ നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ ജി.എസ്.ടി നഷ്ടപരിഹാരമായി 4354.94 കോടി രൂപ (1829.30 Cr Cess + 2525.64 Cr Special Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. GSDP യുടെ 2% അധികവായ്പയും ജി.എസ്.ടി നഷ്ടപരിഹാരത്തിലുണ്ടായിട്ടുള്ള കുറവ് നികത്തുന്നതിന് Special Window Facility യിലൂടെയുള്ള വായ്പയും സഹായകരമാണ്. |
| (ബി) | കോവിഡ് വരുത്തിയ സാമ്പത്തികദുരിതം കണക്കിലെടുത്ത് സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം നല്കുന്നത് വേഗത്തിലാക്കണമെന്ന സംസ്ഥാനസർക്കാരിന്റെ അഭ്യർത്ഥന കേന്ദ്രം ചെവിക്കൊണ്ടിട്ടുണ്ടോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 0.5% ഉപാധികളില്ലാതെയും, 0.5% GST Compensation ലഭിക്കുന്നതിനായിട്ടുള്ള കടമെടുക്കൽ ഓപ്ഷൻ 1 തെരഞ്ഞെടുത്തതിനാലുമാണ് അനുവദിച്ചിട്ടുള്ളത്. ബാക്കി 1% (0.25% വീതം) താഴെ പറയുന്ന 1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ 2. ബിസിനസ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക 3. തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ 4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ എന്നീ പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് വായ്പയെടുക്കൽ അനുവദിച്ചിട്ടുള്ളത്. 2017- ലെ GST Compensation Act ൽ ജി.എസ്.ടി നടപ്പിലാക്കുന്നത് കൊണ്ട് സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് 5 വർഷത്തേയ്ക്ക് നികത്തേണ്ടതാണ് എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ അംഗീകാരത്തോടെ രാജ്യത്ത് ജി.എസ്.ടി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ കോവിഡ് മഹാമാരി കാരണം compensation cess ൽ വരുമാന നഷ്ടം ഉണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുകയും ഇത് 27.08.2020 ൽ കൂടിയ 41-ാം മത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം ഇതുവരെ 2525.64 കോടി രൂപ നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ ജി.എസ്.ടി നഷ്ടപരിഹാരമായി 4354.94 കോടി രൂപ (1829.30 Cr Cess + 2525.64 Cr Special Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. GSDP യുടെ 2% അധികവായ്പയും ജി.എസ്.ടി നഷ്ടപരിഹാരത്തിലുണ്ടായിട്ടുള്ള കുറവ് നികത്തുന്നതിന് Special Window Facility യിലൂടെയുള്ള വായ്പയും സഹായകരമാണ്. |
| (സി) | കോവിഡ് ബാധിച്ച് മരിച്ചവരിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് കേന്ദ്രം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കോവിഡ് ബാധിച്ച മരിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് ധനസഹായം അനുവദിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. |
| (ഡി) | സംസ്ഥാന ദുരന്തപ്രതികരണനിധിയുടെ ഫണ്ട് വിനിയോഗത്തിന് കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് കൂടുതൽ സ്വാതന്ത്ര്യം നൽകണമെന്ന സംസ്ഥാനസർക്കാരിന്റെ നിവേദനത്തോടുള്ള കേന്ദ്രസമീപനം എങ്ങനെയെന്നറിയിക്കുമോ? | (ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ 2020-2021 സാമ്പത്തിക വർഷത്തിലെ വിഹിതമായ 419 കോടി രൂപയുടെ 50% കോവിഡ് പ്രതിരോധത്തിനായി വിനിയോഗിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ